(ഇ)&(എഫ്) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്തതും യോഗ്യതയുള്ള ഡോക്ടർമാരുടെ കുറവുള്ളതുമായ ചില വിഭാഗങ്ങളെ സ്കേഴ്സ് കാറ്റഗറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽപ്പെട്ട ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കാറില്ല.

(ജി) പി.എസ്.സി മുഖാന്തിരം ഡോക്ടർമാരെ നിയമിക്കപ്പെടുന്നതു വരെ കരാർ വ്യവസ്ഥയിൽ നിയമനം നടത്തി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം

16 (*166)ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്ന നയം സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു സെക്ടറിലാണ് സ്വകാര്യ പങ്കാളിത്തം കൂടുതലായി അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കെ.റ്റി.ഡി.സി.യുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ടൂറിസം സ്ഥാപനങ്ങളുടെ ഷെയറുകൾ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) ടൂറിസം മേഖലയിലെ സ്വകാര്യവൽക്കരണം ഗവൺമെന്റ് സ്ഥാപനമായ കെ.റ്റി.ഡി.സിയെ ഏതു തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ;

(എഫ്) ഇതുമൂലം കെ.റ്റി.ഡി.സി.ക്ക് നഷ്ടമാണോ ലാഭമാണോ ഉണ്ടാവുകയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതും ആകർഷിക്കുന്നതുമായ നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി) ടൂറിസ്റ്റുകൾക്ക് ആവശ്യമായ താമസ-ഭക്ഷണ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വൈവിധ്യമാർന്ന പ്രോജക്ടുകൾ വികസിപ്പിച്ചെടുക്കുന്നതിനുമാണ് സ്വകാര്യ പങ്കാളിത്തം കൂടുതലായി ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ടൂറിസം രംഗത്ത് പൂർണ്ണ സ്വകാര്യവൽക്കരണം സർക്കാർ ഉദ്ദേശിച്ചിട്ടില്ല. ഈ രംഗത്തെ കെ.റ്റി.ഡി.സി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിവരികയാണ്. സർക്കാരിന്റെ കെ.റ്റി.ഡി.സി.യിലെ മുടക്കുമുതലായി 1996-97-ൽ

LIBRARY ARCHIVES Kerala Legislative Assembly

570 ലക്ഷവും തുടർന്നുള്ള വർഷങ്ങളിൽ 600 ലക്ഷം വീതവും നൽകിവരുന്നുണ്ട്. ഈ കാലയളവിൽ കെ.റ്റി.ഡി.സി.യുടെ വികസന പ്രവർത്തനങ്ങൾ വർദ്ധിച്ചിട്ടേയുള്ളൂ. ഇതിനാവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ നൽകിവരുന്നുണ്ട്. അതോടൊപ്പം സ്വകാര്യ മേഖലയിലും സംയുക്തമേഖലയിലും സംസ്ഥാനത്ത് ടൂറിസം രംഗത്ത് കൂടുതൽ മുതൽ മുടക്കുണ്ടാകുന്നതിനു വേണ്ട പ്രോൽസാഹനം നൽകുവാനും നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം സംസ്ഥാനത്ത് ഈ മേഖലയിൽ മൊത്തത്തിലുണ്ടാകുന്ന മത്സരബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾ കെ.റ്റി.ഡി.സി.യുടെ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും സഹായകമാകും എന്നാണ് സർക്കാർ കരുതുന്നത്.

(എഫ്) ഇതുമൂലം കെ.റ്റി.ഡി.സി.യുടെ പ്രവർത്തന ഫലങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. 31.3.1996-ൽ കെ.റ്റി.ഡി.സി.യുടെ സഞ്ചിത നഷ്ടം 549.64 ലക്ഷം രൂപയായിരുന്നു. ക്രമമായ മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഈ നഷ്ടം മുഴുവൻ നികത്താനും ഇപ്പോൾ 159.83 ലക്ഷം രൂപയുടെ (പ്രാഥമിക കണക്കുകൾ പ്രകാരം) ലാഭമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

17 (*167)ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ എത്ര ഏക്കർ സ്ഥലം എയർപോർട്ട് അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്;

(സി) വിമാനത്താവളത്തിന്റെ ടെർമിനൽ വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്തു നിന്നും ഓപ്പറേറ്റു ചെയ്തിരുന്ന മുഴുവൻ വിമാന സർവ്വീസുകളും പുനഃസ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുമോ;

(ഇ) തിരുവനന്തപുരം വിമാനത്താവളം 24 മണിക്കൂറും പ്രവർത്തിക്കുന്ന അന്താരാഷ്ട്രാ വിമാനത്താവളമായി ഉയർത്താൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസന സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പുതിയ ഇന്റർനാഷണൽ ടെർമിനൽ ഉടൻ നിർമ്മിക്കണമെന്നും എല്ലാ സമയത്തും വിമാനം ഇറങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, യാത്രക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly